# തസ്കരചരിതം

## അനിൽ P T മണ്ണാർക്കാട്

ഈ കഥയിലെ 'ഞാൻ' ഞാനല്ല. എൻെറ ഒരു അടുത്ത സുഹൃത്താണ് 'ഞാൻ'. നോർത്ത് ഇന്ത്യക്കാരനാണ് 'ഞാൻ'. പക്ഷേ, രാജ്യഭാഷയെ അപമാനിക്കാൻ ഉദ്ദേശമില്ലാത്തത് കൊണ്ട് സംഭാഷണങ്ങൾ മുഴുവനായും മലയാളത്തിലാണ് എഴുതിയിരിക്കുന്നത് (പണ്ടുകാലത്തെ മലയാള സിനിമയിൽ, കഥ നടക്കുന്നത് ഡെൽഹിയിലോ മുംബൈയിലോ ആണെങ്കിലും കഥാപാത്രങ്ങൾ മുഴുവനും മലയാളികൾ ആയിരിക്കും. അതിൻെറ ഗുട്ടൻസ് ഇപ്പോഴല്ലേ പിടികിട്ടിയത്).

### 2009 – സെപ്റ്റംബർ – 12 ശനിയാഴ്ച്ച

കുറെ നാളായി ഒരു ഡോക്ടറെ കാണണമെന്ന് വിചാരിക്കാൻ തുടങ്ങിയിട്ട്. സമയം കിട്ടുന്നില്ല. ഉച്ചക്ക് ഓഫീസിൽ നിന്നിറങ്ങി തിരിച്ചു വീട്ടിലേക്ക് വരുന്ന വഴി പരിചയക്കാരൻ ഡോക്ടറുടെ അടുത്തൊന്നു കയറി. അറിയുന്ന പോലീസുകാരൻ രണ്ടിടി കൂടുതൽ ഇടിക്കും എന്നു പറയുന്ന പോലെ, ഡോക്ടർ പരിചയക്കാരൻ ആയതുകൊണ്ട് സാമ്പത്തികമായി പ്രത്യേകിച്ചു ഗുണമൊന്നുമില്ല.

"എന്തു പറ്റിയെടോ വർമ്മാജീ.."

"ഒന്നുമില്ല... കുറച്ചു ദിവസമായി ഒരു അസ്വസ്ഥത.. പ്രഷർ കൂടിയതാണെന്നു തോന്നുന്നു.... "

"അങ്ങനെ പ്രഷർ കൂടിയെന്നു തോന്നാൻ എന്താ കാരണം?.."

"ഒരു ലോണിൻെറ കാര്യത്തിന് വേണ്ടി കുറച്ചു ദിവസമായി ഓടി നടക്കുകയായിരുന്നു "

“അതു ശരി... ഒരു ബാങ്കുദ്യോഗസ്ഥനാണ് പറയുന്നത് ലോൺ കിട്ടാൻ ഓടിനടന്നെന്ന്... ”

“അതിപ്പോൾ എമ്പ്ലോയി ആയാലും കസ്റ്റമർ ആയാലും 10 വട്ടമെങ്കിലും ഓടിക്കാതെ ലോൺ പാസ്സാക്കുന്ന ചരിത്രം ഞങ്ങളുടെ ബാങ്കിനില്ല...”

“എന്നിട്ടെന്തായി?...”

“ഇന്നു രാവിലെ ലോൺ ശരിയായി.. കഴിഞ്ഞ മാസം അപ്ലൈ ചെയ്തതാ... അതും എമ്പ്ലോയി സ്കീമിലുള്ള ലോൺ..”

“പ്രഷർ ഞാനൊന്നു ചെക്ക് ചെയ്യട്ടെ....”

മെർക്കുറി ലെവൽ ഉയരുന്നതും താഴുന്നതും നോക്കിയിട്ട് ഡോക്ടർ വിധിച്ചു.. “കുഴപ്പമൊന്നുമില്ല.. വെറുതെ അനാവശ്യമായി പ്രഷറുണ്ടെന്ന് വിചാരിക്കുന്ന കൊണ്ടുള്ള പ്രശ്നമേയുള്ളു...”

“ഇന്നലെ മുതൽ ചെറിയൊരു ചൂടുമുണ്ട്... വല്ല പനിയോ മറ്റോ...”

“ഒരു ചൂടുമില്ല... പന്നിപ്പനി, തക്കാളിപ്പനി, മലമ്പനി... ഇതിനേക്കാളൊക്കെ കൂടുതൽ പേടിപ്പനിയാണ്... തനിക്ക് യാതൊരു കുഴപ്പവുമില്ല... തടി കുറച്ചു കൂടുതലാണ്... അതൊന്നു കുറക്കണം... ”

അല്ലെങ്കിലും ഡോക്ടർക്ക് ഉപദേശിക്കാനുള്ള താൽപര്യം കുറച്ചു കൂടുതലാണ്.

ഫീസ് എടുക്കാനായി പോക്കറ്റിൽ കയ്യിട്ടപ്പോഴാണ് ഞാൻ വെർണിയറുടെ പിൻ ഗാമിയാണെന്നു മനസ്സിലായത്.. വർമ്മാ കാലിപേഴ്സ്...

“ഞാൻ പൈസ എടുക്കാൻ മറന്നു...”

“അതു സാരമില്ല... നാളെ മതി...”

“ഞാൻ ATMൽ പോയി എടുത്തിട്ടു വരാം...”

നേരെ അടുത്തുള്ള ATMൽ പോയി പൈസ എടുത്തു. ഡോക്ടറുടെ അടുത്ത് തിരിച്ചു ചെന്ന് ഫീസ് കൊടുത്തിട്ട് വീട്ടിൽ പോയി..

**2009 – സെപ്റ്റംബർ – 13 ഞായറാഴ്ച്ച**

രാവിലെ പത്രം വായിച്ചുകൊണ്ടിരിക്കുമ്പോഴാണ് പാൽക്കാരൻ കാശിനു വന്നത്... തലേന്ന് അഴിച്ചിട്ട പാൻറ്സിൻെറ പോക്കറ്റിൽ നിന്നും പേഴ്സെടുത്ത് പാൽക്കാരൻെറ ഇടപാട് തീർത്തു. പേഴ്സ് തിരിച്ച് പോക്കറ്റിൽ വെക്കാൻ നേരത്താണ് ഡെബിറ്റ് കാർഡ് കാണാനില്ലെന്ന കാര്യം മനസ്സിലായത്. പേഴ്സിലും അതുപോലെ വെക്കാൻ ചാൻസുള്ള മറ്റു സ്ഥലങ്ങളിലുമെല്ലാം തിരഞ്ഞു. ഭാര്യയോടു ചോദിച്ചപ്പോൾ അവൾക്കും ഐഡിയ ഇല്ല. ഇന്നസെൻറ് ചേട്ടൻ പറഞ്ഞ പോലെ 'വീട്ടിലെ ഓരോ അരിയും പെറുക്കിയെടുത്തു' പക്ഷെ സാധനം കിട്ടിയില്ല.

ഡോക്ടറെ വിളിച്ചു ചോദിച്ചു. ഇനി അവിടെയെങ്ങാൻ മറന്നു വെച്ചോ എന്നറിയാൻ. അവിടെയുമില്ല. സാധാരണ ഗതിയിൽ അക്കൗണ്ടിൽ 2000 – 3000 രൂപയേ ഉണ്ടാകാറുള്ളു. പക്ഷെ ഇപ്പോൾ ലോൺ എടുത്ത കാശും അക്കൗണ്ടിൽ കിടക്കുന്നുണ്ട്.

നേരെ ഞങ്ങളുടെ ഓഫീസ്സിൽ വന്നു. ആ ബിൽഡിങ്ങിൽ തന്നെയാണ് ഞങ്ങളുടെ ATM സ്വിച്ച് റൂം. അവിടെ പോയി കാർഡ് ബ്ലോക്ക് ചെയ്തു. ബാലൻസ് ചെക്ക് ചെയ്തപ്പോൾ ഞെട്ടിപ്പോയി. ഇന്നലെ രാത്രി തന്നെ 19000 കുറഞ്ഞിട്ടുണ്ട്. ട്രാൻസാക്ഷൻ ഡീറ്റയിത്സ് എടുത്തു. പല പല ഷോപ്പുകളിലാണ് ഉപയോഗിച്ചിരിക്കുന്നത്. സ്വിച്ച് റൂമിൽ നിന്ന് POS (Point of Sale - കടകളിലൊക്കെ കാർഡ് swipe ചെയ്യാൻ വെച്ചിരിക്കുന്ന മെഷീൻ കണ്ടിട്ടില്ലേ.... അതു തന്നെ സാധനം.) ഡിറ്റയിത്സ് പ്രിൻറ് എടുത്തു. ആദ്യം ഒരു പെട്രോൾ പമ്പിൽ 100 രുപ, പിന്നെ BATA ഷോറൂമിൽ 1800, ADIDAS ഷോറൂമിൽ 3200, മെഗാ മാർട്ടിൽ 13000.. അവസാനം എമ്പയർ ഹോട്ടലിൽ 300.

പ്രിൻറൗട്ടും കാർഡ് ഡീറ്റയിത്സുമായി കൃഷ്ണമൂർത്തിനഗർ പോലീസ് സ്റ്റേഷനിൽ പോയി പരാതി കൊടുത്തു. ഞാൻ താമസിക്കുന്ന സ്ഥലത്തിന് ഏറ്റവും അടുത്തുള്ള പോലിസ് സ്റ്റേഷൻ ഇതാണ്. അന്വേഷിച്ചോളാമെന്ന് ഇൻസ്പെക്റ്റർ പറഞ്ഞു. അതു കഴിഞ്ഞ് വീട്ടിലെത്തിയപ്പോൾ 3 മണി. രാവിലെ മുതൽ ഒരു തുള്ളി പച്ചവെള്ളം കുടിച്ചിട്ടില്ല.

**2009 – സെപ്റ്റംബർ – 14 തിങ്കളാഴ്ച്ച**

ഓഫിസിൽ എത്തി സെക്ഷനിൽ എല്ലാവരോടും കാര്യങ്ങൾ പറഞ്ഞു. എൻെറ തൊട്ടടുത്ത സീറ്റിലിരിക്കുന്നയാൾക്ക് ഇതുപോലത്തെ അനുഭവങ്ങൾ ഒരുപാടുള്ളതാണ്. ആളെ പറഞ്ഞാൽ നിങ്ങളുമറിയും. തല്ലിപ്പൊളി കഥകളൊക്കെയെഴുതുന്ന അനിൽ P T മണ്ണാർക്കാട്. അങ്ങേര് പക്ഷെ സ്ഥലത്തില്ല. നാട്ടിലാണ്. അല്ലേൽ അഭിപ്രായങ്ങൾ ചോദിക്കാമായിരുന്നു.

അപ്പോഴാണ് ആരോ failed transaction report നോക്കാമെന്നു പറഞ്ഞത്. റിപ്പോർട്ട് എടുത്തു നോക്കിയപ്പോൾ വീണ്ടും ഞെട്ടി. ഇന്നലെ വീണ്ടും കാർഡ് ഉപയോഗിക്കാൻ ശ്രമിച്ചിട്ടുണ്ട്. കാർഡ് ബ്ലോക്ക് ചെയ്തതു കൊണ്ട് ട്രാൻസാക്ഷൻസ് എല്ലാം fail ആയി. ഒരു സ്ഥലത്ത് തുടർച്ചയായി 4 തവണ ശ്രമിച്ചിട്ടുണ്ട്. 12:31,12:32, 12:33,12:34 ഇങ്ങനെ ആണ് ടൈം. എല്ലാം 195 രൂപക്ക്. സ്വിച്ച് റൂമിൽ വിളിച്ച് ആ ട്രാൻസാക്ഷൻ നടത്തിയ POSൻെറ ഡീറ്റയിത്സ് വാങ്ങി. കൃഷ്ണമൂർത്തി നഗറിലെ ഒരു മലയാളി ഹോട്ടൽ – ഹോട്ടൽ അനഘ.

നേരെ അങ്ങോട്ടു പോയി. ഹോട്ടൽ മാനേജരോട് കാര്യങ്ങൾ പറഞ്ഞു. അയാൾക്ക് കൃത്യമായി ഒന്നും ഓർമ്മയില്ല. ഏകദേശം പന്ത്രണ്ടരയോടെ നടന്ന ട്രാൻസാക്ഷൻസിൻെറ സ്ലിപ് കാണിച്ചു തരാമോന്ന് ചോദിച്ചപ്പോൾ ആദ്യം പുള്ളി ഒന്നു മടിച്ചു. പിന്നെ എൻെറ ID കാർഡ് കണ്ട് genuine ആണെന്ന് മനസ്സിലായപ്പോൾ തിരയാൻ തുടങ്ങി. നിർഭാഗ്യങ്ങളുടെ പെരുമഴക്കാലത്തിനിടക്കു പൊട്ടി വിരിഞ്ഞ ഭാഗ്യത്തിൻെറ കൂൺ മാനേജരുടെ കയ്യിലിരുന്ന് എന്നെ നോക്കി പല്ലിളിച്ചു. 12.35നു നടന്ന 195 രൂപയുടെ ട്രാൻസാക്ഷൻ സ്ലിപ്. അതു കണ്ടപ്പോൾ മാനേജരുടെ തലയിലും 100 watts ബൾബ് കത്തി.

“ശരിയാ.. 2 മലയാളി പിള്ളേരാണ്.. 3-4 തവണ ഒരു കാർഡ് വെച്ച് ശ്രമിച്ചു നോക്കി. നടക്കാതെ വന്നപ്പോൾ വേറെ ഒരു കാർഡ് ഉപയോഗിച്ച് ട്രാൻസാക്ഷൻ നടത്തി. അതിൻെറ സ്ലിപ് ആണിത്.”

ഇനിയും ആ പിള്ളേർ വരികയാണെങ്കിൽ എന്നെ വിവരം അറിയിക്കണമെന്ന് ഹോട്ടൽ മാനേജരെ ചട്ടം കെട്ടിയിട്ട് ആ ട്രാൻസക്ഷൻ സ്ലിപ്പിൻെറ ഒരു xerox

കോപ്പിയും എടുത്ത് നേരെ HFDC ബാങ്കിലേക്ക് പോയി. കാരണം അനഘ ഹോട്ടലിലെ POS, HFDCക്കാരുടെയായിരുന്നു.

HFDCയുടെ സ്വിച്ച് റൂമിൽ നിന്നും കാർഡിൻെറ ഫുൾ നമ്പറും ആളുടെ പേരും കിട്ടി. സാജു K ജോസഫ്. കാർഡ് ഇഷ്യൂ ചെയ്തിരിക്കുന്നത് അസോസിയേഷൻ ബാങ്ക് ആണ്. HFDC സ്വിച്ച് റൂമിലെ മാനേജർ തന്നെ അസോസിയേഷൻ ബാങ്കിൽ വിളിച്ച് കാര്യങ്ങൾ പറഞ്ഞു. അസോസിയേഷൻ ബാങ്കിലെ മനേജർ, അക്കൗണ്ടിൻെറ മുഴുവൻ ഡീറ്റയിത്സ് പറഞ്ഞു തന്നു. എന്തായാലും ഒഫീഷ്യലായി ഒരു ഫാക്സ് അയക്കാൻ അസോസിയേഷൻ ബാങ്കിലെ മാനേജർ പറഞ്ഞു.

അഡ്രസ്സ് മുംബൈയിലേതാണ്. മൊബൈൽ നമ്പറും ഉണ്ട്. അതിലേക്ക് വിളിച്ചപ്പോൾ ആ നമ്പർ നിലവിലില്ലെന്നയിരുന്നു മറുപടി. PAN നമ്പറും കിട്ടിയിരുന്നു അക്കൗണ്ട് ഡീറ്റൈത്സിൻെറ കൂടെ. Income tax ഡിപ്പാർട്ട്മെൻറിൽ വിളിച്ച് PAN നമ്പറിൻെറ ഡീറ്റയിത്സ് അന്വേഷിച്ചു. പക്ഷേ അവർ തരാൻ തയ്യാറായില്ല.

നേരെ പോലീസ് സ്റ്റേഷനിൽ പോയി. കാര്യങ്ങൾ അവരോടു പറഞ്ഞു. ഇൻസ്പെക്ടർ അഡ്രസ്സ് വാങ്ങി നോക്കി.

“ഇതു മുംബൈ അഡ്രസ്സ് ആണല്ലോ.. ഇതു കൊണ്ട് പ്രത്യേകിച്ച് ഗുണമൊന്നുമില്ല. ഇവരുടെ ബാംഗളൂർ ഡീറ്റയിത്സ് എന്തെങ്കിലും കിട്ടാൻ വഴിയുണ്ടോ? മലയാളികൾ ആണെന്നല്ലേ പറഞ്ഞത്.”

“അതു ശരി... ഞാനിവരെ തേടിപ്പിടിച്ച് സാറിൻെറ മുൻപിൽ കൊണ്ടുത്തരാം. അപ്പോൾ സാർ ആക്ഷനെടുത്താൽ മതി....” ഉറച്ച ശബ്ദത്തിലാണ് ഞാനിതെൻെറ മനസ്സിൽ പറഞ്ഞത്...

“സാർ.... മലയാളികളാണെന്നാണ് ഹോട്ടലുകാരൻ പറഞ്ഞത്...” ഇതാണ് ശബ്ദ വീചികളായി പുറത്തുവന്നത്...

“എന്നാൽ പിന്നെ അവർ ഇനിയും ചെല്ലുകയാണെങ്കിൽ അറിയിക്കാൻ ആ ഹോട്ടലുകാരനോടു പറയ്..”

“പറഞ്ഞിട്ടുണ്ട് സാർ.. നമ്പറും കൊടുത്തിട്ടുണ്ട്..”

“കൊള്ളാം.. എന്തെങ്കിലും ഡെവലപ്മെൻറ്സ് ഉണ്ടെങ്കിൽ അറിയിക്കാം..”

കള്ളന്മാർ മാനസാന്തരപ്പെട്ട് പോലിസിൻെറ അടുത്ത് ചെന്ന് തെറ്റെല്ലാം ഏറ്റുപറഞ്ഞ് കീഴടങ്ങുമെന്നാണോ ഡെവലപ്മെൻറ്സ് കൊണ്ട് ഇയാൾ ഉദ്ദേശിക്കുന്നത്?

“ശരി സാർ...”

തിരിച്ച് ഓഫീസ്സിൽ വന്നു. കുറ്റാന്വേഷണത്തിൻെറ പുരോഗതി സഹപ്രവർത്തകരെ അറിയിച്ചു. കഥാകാരനും സ്ഥലത്തെത്തിയിട്ടുണ്ട്. എല്ലാം വിശദമായി ചോദിച്ചറിയുന്നുണ്ട്.. ഇതും കഥയാക്കാനായിരിക്കും.

വൈകിട്ട് വീട്ടിലെത്തി മൊബൈൽ കയ്യിലെടുത്തപ്പോഴാണ് അത് സ്വിച്ച് ഓഫ് ആണെന്ന് ശ്രദ്ധിച്ചത്. ചാർജ് ചെയ്യാൻ കുത്തിവെച്ചിട്ട് മൊബൈൽ ഓൺ ചെയ്തു. ഉടൻ തന്നെ ഒരു ഇൻ കമിംഗ് കോൾ.. അനഘയിലെ മാനേജരുടെയാണല്ലോ..

“ഹലോ...”

“ഹലോ സാർ... ഞാൻ അനഘ ഹോട്ടൽ മാനേജറാണ്... ”

“മനസ്സിലായി.. ഞാൻ നമ്പർ സേവ് ചെയ്തിരുന്നു...”

“OK... അവന്മാർ ഇപ്പോൾ ഇവിടെ വന്ന് ഭക്ഷണം കഴിച്ചിരുന്നു.. വന്നയുടൻ തന്നെ ഞാൻ സാറിനെ കോണ്ടാക്റ്റ് ചെയ്യാൻ ശ്രമിച്ചു. പക്ഷേ മൊബൈൽ സ്വിച്ച് ഓഫ് ആയിരുന്നു.. അവന്മാർ ഇപ്പോൾ പോയതേയുള്ളു... ഇവിടെ നിന്നാണ് ഓട്ടോ പിടിച്ചിരിക്കുന്നത്.. ഞാൻ ഓട്ടോ നമ്പർ നോട്ട് ചെയ്തിട്ടുണ്ട്. കലാശിപാളയത്തേക്കാണ് പോയിരിക്കുന്നത്... കാലിക്കറ്റുകാരാണ് രണ്ടും...”

വേഗം ഒരു പേപ്പർ എടുത്ത് ഓട്ടോയുടെ നമ്പർ എഴുതിയെടുത്തു. ഉടൻ തന്നെ സ്റ്റേഷനിൽ പോയി ഇൻസ്പെക്റ്ററോട് കാര്യങ്ങൾ പറഞ്ഞു. അവർ കലാശിപാളയം സ്റ്റേഷനിലേക്ക് വയർലെസ്സ് മെസ്സേജ് കൊടുത്തു.

ഞാനും ഒരു കോൺസ്റ്റബിളും കൂടി കലാശിപാളയത്തേക്കു പോയി.. മെസ്സേജ് കിട്ടി പോലീസുകാർ തിരച്ചിൽ ആരംഭിക്കുന്നതിനു മുൻപു തന്നെ അവർ സ്ഥലം വിട്ടെന്നു തോന്നുന്നു.. ഓട്ടോയും കിട്ടിയില്ല... ആളുകളെയും കിട്ടിയില്ല. തിരിച്ച് പോലീസുകാരനെ സ്റ്റേഷനിൽ വിട്ടിട്ട് വീട്ടിലെത്തിയപ്പോൾ സമയം 11.

**2009 – സെപ്റ്റംബർ – 15 ചൊവ്വാഴ്ച്ച**

ഓഫീസിലെത്തി ജോലി ചെയ്യുമ്പോഴും മനസ്സിൽ നിറയെ ഇതു തന്നെയായിരുന്നു. സ്റ്റേഷനിൽ വിളിച്ചു ചോദിച്ചിട്ട് പ്രത്യേകിച്ചു പ്രയോജനം ഒന്നുമില്ല. അവരന്വേഷിച്ച് കണ്ടുപിടിക്കുന്ന പ്രശ്നം ഉദിക്കുന്നേയില്ല. ഇനിയെന്ത് എന്നാലോചിച്ചിരിക്കുമ്പോഴാണ് ഒരു ഐഡിയ തോന്നിയത്. ഹോട്ടലുകാരൻെറ ഡിസ്ക്രിപ്ഷൻ വെച്ചു നോക്കുമ്പോൾ രണ്ടു പേരും ചെറുപ്പക്കാരാണ്. ചിലപ്പോൾ ഓർക്കൂട്ട് പ്രൊഫൈൽ കാണുമായിരിക്കും. സ്വന്തമായി ഓർക്കൂട്ട് പ്രൊഫൈലും ട്വിറ്റർ IDയുമൊന്നുമില്ലാത്ത ചെറുപ്പക്കാർ ഇപ്പോൾ ഇല്ലല്ലോ.. (തിരുവിതാംകൂർ മഹാരാജാവ് ശശിയാണ് ട്വിറ്ററിനെ ഇന്ത്യയിൽ ഇത്രക്ക് ജനപ്രിയമാക്കിയത്..) PAN കാർഡിലെ പേരു വെച്ച് ഓർക്കൂട്ടിൽ സേർച്ച് ചെയ്തു. ഒരു പാടു പേരുകൾ ലിസ്റ്റ് ചെയ്തതിൽ ഒരെണ്ണം exact match. അഡ്രസ്സ് കൊടുത്തിട്ടില്ല. ഫോൺ നമ്പർ കൊടുത്തിട്ടുണ്ട്. കേരളത്തിലെ BSNL നമ്പർ.

ആ നമ്പറിൽ വിളിച്ചു നോക്കി. ഔട്ട് ഓഫ് ഓർഡർ ആണ്. BSNLൻെറ online directory സേർച്ച് ചെയ്തപ്പോൾ അഡ്രസ്സ് കിട്ടി. ജോസഫിൻെറ (അച്ഛൻ) പേരിലാണ് കണക്ഷൻ. കോഴിക്കോട് താമരശ്ശേരിക്കടുത്ത് കൈതച്ചിറ എന്ന സ്ഥലത്ത്. കളരിക്കൽ എന്നാണ് വീട്ടുപേർ.

ഞങ്ങളുടെ ബ്രാഞ്ച് ഡയറക്ടറിയിൽ തപ്പി നോക്കി താമരശ്ശേരി ബ്രാഞ്ചിൻെറ ഫോൺ നമ്പർ കണ്ടെത്തി. അവിടെ വിളിച്ചന്വേഷിച്ചപ്പോഴാണ് കൈതച്ചിറക്കടുത്തുള്ള ബ്രാഞ്ച് മേൽവാരം ആണെന്നു മനസ്സിലായത്. പിന്നെ മേൽവാരം ബ്രാഞ്ചിൻെറ ഫോൺ നമ്പർ തപ്പിയെടുത്തു വിളിച്ചു. മാനേജരോട് കാര്യങ്ങളെല്ലാം പറഞ്ഞു. സ്ഥലം അങ്ങേർക്കറിയാം. ബ്രാഞ്ചിൽ നിന്ന് നടക്കാവുന്ന ദൂരമേയുള്ളു കൈതച്ചിറയിലേക്ക്. പോയി അന്വേഷിക്കാം എന്ന്

അങ്ങേർ പറഞ്ഞെങ്കിലും ഞങ്ങളുടെ ഇൻഫർമേഷൻ സെക്യൂരിറ്റി ഒഫീഷ്യത്സിനെക്കൊണ്ട് വിളിപ്പിച്ച് ഒന്നു കൂടെ പ്രസ്സ് ചെയ്തു.

ബ്രാഞ്ച് മാനേജർ വൈകുന്നേരം തന്നെ കളരിക്കൽ വീട്ടിലെത്തി. ആദ്യം ഏതു കാർഡ് എന്തു കാർഡ് എന്നൊക്കെ പറഞ്ഞെങ്കിലും ബാങ്കിനോട് ഫ്രോഡ് കാണിച്ചാലുള്ള ഭവിഷ്യത്തുകളെപ്പറ്റി പറഞ്ഞപ്പോൾ പയ്യൻ കാര്യം സമ്മതിച്ചു. അവൻ മാത്രമല്ല കൂട്ടുകാരൻ വിഷ്ണുവും ഈ കലാപരിപാടികളിൽ പങ്കാളിയാണ്. വിഷ്ണുവിൻെറ വീട് രാമനാട്ടുകരയാണ്. രണ്ടു പേരും കൃഷ്ണമൂർത്തി നഗറിലെ ഒരു നഴ്സിങ്ങ് കോളേജിലെ അവസാന വർഷ വിദ്യാർത്ഥികളാണ്. സാജുവിന് സൗദിയിൽ പോകാനുള്ള നടപടി ക്രമങ്ങളെല്ലാം ഏതാണ്ട് കഴിഞ്ഞിരിക്കുകയാണ്. രാത്രി ATMൽ താഴെ കിടന്ന് കിട്ടിയ കാർഡ് വെച്ച് ഒന്നു കളിച്ചു നോക്കിയതാണ്.

സാജുവിൻെറ കൂടെ ഒരു കസിൻ മാത്രമാണ് താമസം. അച്ഛനും അമ്മയും മുംബൈയിലാണ്. അച്ഛന് അവിടെയാണ് ജോലി. ഒരു കാരണവശാലും അച്ഛൻ അറിയരുതെന്ന് പയ്യൻ കരഞ്ഞു പറഞ്ഞു. മാനേജർ അവിടെ നിന്നു തന്നെ ഇൻഫർമേഷൻ സെക്യൂരിറ്റി ഒഫീഷ്യലിനെ വിളിച്ച് കാര്യങ്ങളുടെ സ്ഥിതി ബോധിപ്പിച്ചു. അദ്ദേഹവും ഫോണിലൂടെ പയ്യനെ വിരട്ടി. കേരളാ പോലീസിൽ അങ്ങേരുടെ അടുത്ത പരിചയക്കാർ ഉണ്ടെന്നും അവരോട് പറഞ്ഞാൽ പയ്യൻെറ കട്ടേം പടോം മടങ്ങുമെന്നും പറഞ്ഞപ്പോൾ അവൻ ശരിക്കും വിരണ്ടു. ഈ കേസ് പോരാതെ പോലീസുകാർ ഏതെങ്കിലും അക്ഷരത്തിൻെറ രൂപത്തിലുള്ള കത്തി പണിയിപ്പിച്ച് വല്ല കള്ളക്കേസും കൂടി തലയിലിട്ടാൽ ഈ ജന്മം ചുറ്റിപ്പോകുമെന്ന് അവനറിയാം. ചിലവാക്കിയ പണം മുഴുവൻ തിരിച്ചു തരാം എന്നു സമ്മതിച്ചതോടെ എൻെറ നമ്പർ പയ്യനു കൊടുത്തു.

രാത്രി 10 മണി ആയപ്പോൾ സാജു എന്നെ വിളിച്ചു. പണം മുഴുവൻ മടക്കിത്തരാമെങ്കിൽ കേസ് പിൻ വലിക്കാമെന്ന് ഞാൻ സമ്മതിച്ചു. ഇന്നിനി രാത്രി ബസ് കിട്ടില്ല. നാളെ രാവിലെ തന്നെ ബസ് പിടിച്ച് കാലിക്കറ്റിൽ നിന്നിറങ്ങാമെന്ന് സാജു സമ്മതിച്ചു. അപ്പോൾ പിന്നെ വൈകിട്ട് ബാംഗളൂരെത്തും. വൈകുന്നേരം കാണാം എന്നവർ suggest ചെയ്തെങ്കിലും ഒരു

ദിവസം കൂടി ഞാൻ നീട്ടിക്കൊടുത്തു. എൻെറ ഓഫിസിലേക്ക് വരാൻ പറഞ്ഞു.

## 2009 – സെപ്റ്റംബർ – 17 വ്യാഴാഴ്ച്ച

രാവിലെ 10.30 ന് തന്നെ സാജുവും കസിനും എൻെറ ഓഫീസിലെത്തി. ചെലവു കൂടി ചേർത്ത് 20000 രൂപ തന്നു. അപ്പോഴാണ് വേറൊരു രസകരമായ കാര്യം അറിയുന്നത്. അവന്മാർ പരിചയത്തിലുള്ള ഒരു പോലീസുകാരൻ വഴി കൃഷ്ണമൂർത്തി നഗർ സ്റ്റേഷനിൽ അന്വേഷിപ്പിച്ചു. കേസ് ഇതു വരെ രജിസ്റ്റർ ചെയ്തിട്ടില്ല. എന്നോട് പോലിസുകാർ അങ്ങനെ ചെയ്യ് ഇങ്ങനെ ചെയ്യ് എന്നു പറഞ്ഞതല്ലാതെ അവർ ആ കേസ് രജിസ്റ്റർ ചെയ്തിട്ടു പോലുമില്ല.

പയ്യന്മാർ കാശ് തന്ന് ഒരു പാട് സോറിയും പറഞ്ഞിട്ട് തിരിച്ചു പോയി. ഞാൻ എന്തായാലും കമ്പ്ലയിൻറ് പിൻ വലിക്കുന്നു എന്നു പറഞ്ഞ് ഒരു ലെറ്റർ തയ്യാറാക്കി. ഇതിൻെറയും സ്ഥാനം ചവറ്റുകൊട്ടയിൽ തന്നെ ആയിരിക്കും.

വൈകുന്നേരം വീട്ടിലേക്ക് തിരിച്ചു വരുന്ന വഴിക്ക് ഒരു സിഗ്നലിൽ എൻേറയും ഡോക്ടറുടേയും ബൈക്കുകൾ അടുത്തടുത്തായി വന്നുപെട്ടു.

“ വർമ്മാജീ... എങ്ങനുണ്ട് പ്രഷർ....”

“ ആര് ഡോക്ടറോ... പ്രഷർ ഇപ്പോൾ ഒട്ടും തന്നെയില്ല... ഡോക്ടർ പറഞ്ഞ പോലെ തടി കുറക്കാൻ തന്നെ ഞാൻ തീരുമാനിച്ചു... രണ്ടു മൂന്നു ദിവസമായി ഒരു പാട് ഓടുന്നുണ്ട്...”

“ഓടുന്നത് നല്ലതാ... പ്രഷർ ശരിക്കും പറഞ്ഞാൽ നമ്മൾ തന്നെ ഉണ്ടാക്കുന്നതാ... എൻെറ കാര്യം തന്നെ നോക്ക്... ഡെബിറ്റ് കാർഡ് എവിടെയോ കളഞ്ഞു... ആരാണ്ടത് ശരിക്കും മുതലാക്കിയിട്ടുമുണ്ട്... രാവിലെ മുതൽ അതിൻെറ പിന്നാലെ ഓരോ സ്ഥലത്ത് കയറിയിറങ്ങി നടക്കുവാ.... പോലീസിൽ കേസ് കൊടുത്തിട്ടുണ്ട്....”

“അതു കഷ്ടമായി... എന്തായാലും കേസ് കൊടുത്തല്ലോ.. ഇനി ഒന്നും പേടിക്കാനില്ല. പോലീസ് എല്ലാം അന്വേഷിച്ച് കണ്ടുപിടിച്ചോളും. പിന്നെ ഒരു

കാര്യം... ഡോക്ടറുടേയും തടി കൂടുന്നുണ്ട്... ഓടാൻ പോകുന്നത് നല്ലതാ..." ഒരു നിമിഷത്തേക്ക് ഡോക്ടറുടെയടുത്ത് ഉപദേശിയുടെ റോൾ ചെയ്യാൻ എനിക്കും അങ്ങനെ അവസരം കിട്ടി.

സിഗ്നൽ പച്ചയായി.. ഞാനും ഡോക്ടറും ബൈ പറഞ്ഞ് യാത്രയായി..

പണം തിരിച്ചു കിട്ടിയപ്പോൾ തോന്നിയതിനേക്കാൾ മനശ്ശാന്തി എന്തുകൊണ്ടോ എനിക്കു തോന്നി...

anil.pt.mkd@gmail.com

http://pdfsahithyam.wordpress.com/